"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - WDC-PMKSY 2.0 പദ്ധതിയിലെ ടെക്നിക്കൽ എക്സ്പർട്ട്മാരുടെ യാത്രാബത്ത അനുവദിക്കുന്നതിന് ഗ്രേഡ് നിശ്ചയിച്ചും ശമ്പള വർദ്ധനവ് അനുവദിക്കേണ്ട തീയതിയെ സംബന്ധിച്ച സ്പഷ്ടീകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1685/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:- 1.സ.ഉ.(സാധാ) നം.660/2025/LSGD തീയതി 10.03.2025
2.പ്രിൻസിപ്പൽ ഡയറക്ടറുടെ 16.04.2025 തീയതിയിലെ LSGD/5515/2023-SLNA2 നമ്പർ കത്ത്.

**ഉത്തരവ്**

WDC-PMKSY 2.0 പദ്ധതിയിലെ ടെക്നിക്കൽ എക്സ്പർട്ട്സ്, പ്രോജക്ട്എഞ്ചിനിയർ എന്നി തസ്തികകൾക്ക് 11.02.2021 തീയതിയിലെ സ.ഉ (പി) നം. 29/2021/ധന ഉത്തരവിലെ കാറ്റഗറി X -ന്റെ വേതനമായ 36,000/- രൂപ പ്രതിമാസ കരാർ വേതനമായി അനുവദിക്കുന്നതിന് അനുമതി നൽകിയും ഇവർക്ക് യാത്രാബത്ത അനുവദിക്കുന്നതിലേക്ക് ഉചിതമായ Grade നിശ്ചയിക്കുന്നതിനായി പ്രത്യേകം ശുപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ എക്സ്പർട്ട്മാരുടെ യാത്രാബത്ത അനുവദിക്കുന്നതിന് ഉചിതമായ ഗ്രേഡ് നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ പരാമർശം (1) ഉത്തരവിൽ ശമ്പള വർദ്ധനവ് പ്രാബല്യത്തിൽ വരുന്ന തീയതിയെ സംബന്ധിച്ചുള്ള പരാമർശമില്ലാത്തതിനാൽ ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ച 10.03.2025 തീയതി മുതൽ, ടി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകിയും WDC-PMKSY 2.0 പദ്ധതിയ്ക്കായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ എക്സ്പർട്ട്മാരുടെ കരാർ വേതനം 36,000/- രൂപ ആയതിനാൽ ടി തസ്തികയ്ക്ക് Grade III ജീവനക്കാർക്ക് അനുവദനീയമായ യാത്രാബത്ത, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു;

(1) KSR Part 1 rule 8 ന്റെ അടിസ്ഥാനത്തിലുള്ള Appendix 1 Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്

(2) കെ.എസ്.ആർ. ഭാഗം II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്

(3) യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ

പ്പപ്പെട്ടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും

(4)സർക്കാർ നിശ്ശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(30.06.2025ലെ e-2757151 /ഡെവ-1/65/2024-ധന പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 07-07-2025 11:21:36
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി